

# Wilson Tharayil CMI, Christ, Irinjalakuda

## വിനീതനായ്, വിനയാന്വിതനായി വിനീതച്ചൻ



"So beautiful! How beautiful!" "പ്രപഞ്ചത്തിന്റെ മനോഹാരിതയിൽ നിന്നും പ്രപഞ്ചാത്മനിലേയ്ക്ക്..." "Can you measure the beauty? Certain things, we can't measure…" Aesthetics ക്ലാസ്സുകളിലെ വിനീതച്ചന്റെ ചില വാക്കുകൾ, ചിന്തകൾ ഓർത്തുപോവുകയാണ്. ജീവിക്കുന്നത് ഈ ലോകത്തിലോ അതോ മറ്റേതെങ്കിലും ലോത്തിലോ? എവിടെയാണെന്നറിയില്ല. നടക്കുമ്പോഴും ഇരിക്കുമ്പോഴും, പഠിപ്പിയ്ക്കുമ്പോഴും, താത്വികമായ ഒരു ജീവിതം നയിച്ച ഒരു സന്യാസവര്യൻ. ഏവരെയും മറ്റൊരു കോലത്തിലേയ്ക്ക്, ഈശ്വരനിലേയ്ക്ക് കൈപിടിച്ചുയർത്തിയ ഒരു മാഹത്മാവ് – ആയതിന് പ്രപഞ്ചമാകുന്നവസ്തുതയെ കണ്ടെത്തിയ ജ്ഞാനി.

ദൈവവുമായി ഒത്തുചേരുവാൻ ജീവിതത്തിൽ നൂതനമാർഗ്ഗങ്ങൾ കണ്ടെത്തി, അത് മറ്റുള്ളവർക്കായി ദാനം ചെയ്ത മഹർഷി; അതല്ലെ ബാംഗ്ലൂരിലുള്ള 'വിദ്യാവനം' എന്ന പറുദീസ.അവിടെ ദൈവത്തിന്റെ സ്വരം കേൾക്കുവാൻ ഈ ആചാര്യനും പല മനുഷ്യരും പരിശ്രമിച്ചിരുന്നു. ഇവർ, ദൈവം ഉലാത്തുവാൻ വരുമ്പോൾ കൂടെ നടക്കുകയും വിശേഷങ്ങൾ കൈമാറുകയും ചെയ്തിരുന്നു. തത്വശാസ്ത്രങ്ങൾ പഠിച്ച്, പഠിപ്പിയ്ക്കുക മാത്രമല്ല, ചെയ്തത്; അത് ജീവിതത്തിൽ ആസ്വദിക്കുവാനും മറ്റു മനുഷ്യർക്ക് കൊടുക്കുവാനും അദ്ദേഹം പരിശ്രമിച്ചിരുന്നു.

വിനീതനായി, വിനയാന്വിതനായി ജീവിച്ച ഈ മഹത്വ്യക്തിയെക്കുറിച്ച് അദ്ദേഹം എഴുതിയ പുസ്തകങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. അതിനേക്കാളേറെ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും വായിച്ചെടുക്കാവുന്നതാണ്. തന്റെ, ഏറെക്കാലവും വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കാൻ നിമിത്തമായെങ്കിൽ അത് ഈശ്വരേച്ഛയായിരുന്നു. ആയതിന്റെ പ്രതിഫലം അദ്ദേഹത്തിന് ദൈവത്തിൽനിന്നും ലഭിക്കും.

ഉള്ളും, ഉൾക്കാമ്പും, ഉള്ളായ്മയും, ഇല്ലായ്മയും, അഹവും, ഇഹവും, ബ്രഹ്മാസ്മിയുമൊക്കെ പറഞ്ഞപ്പോൾ ആദ്യമൊക്കെ ആശ്ചര്യം കൊണ്ട് വാപൊളിച്ചിരുന്നുപോയി. പിന്നെ പതുക്കെപ്പതുക്കെ ഉദാഹരണങ്ങളിലൂടെ വിശദീകരിച്ചുതന്നപ്പോൾ എല്ലാം മനസ്സിലാക്കാൻ സാധിച്ചു. വളരെ ലളിതമായ ഭാഷയിൽ മനുഷ്യബുദ്ധിയിലേയ്ക്ക് ചില താത്വികമായ ചിന്തകൾ പുട്ടുകുറ്റിയിലേയ്ക്ക് പൊടി ഇടുന്നപോലെ നിറച്ചുതന്നിരുന്നു. ഒരിക്കലും വിഷമിപ്പിക്കതെ, അതേ സമയം ലാളിത്യത്തോടുകൂടി ഹൃദയത്തിന്റെ അന്തരാളങ്ങളിലേയ്ക്ക് സ്വർണ്ണപ്പണിക്കാരന്റെ ഊത്തുകുഴലിലൂടെയെന്നപോലെ, തത്വചിന്തകൾ



ഓതി തന്നിരുന്നു. ഈ പ്രക്രിയ ഒരിക്കലും മനുഷ്യഭാവങ്ങൾ എല്ലാം മുഖത്തോ മനസ്സിലോ പ്രകടിപ്പിക്കാതെയായിരുന്നു ചെയ്തത്. ആയതുകൊണ്ടുതന്നെ മനുഷ്യർ അദ്ദേഹത്തെ ഇഷ്ടപ്പെട്ടെന്നുമാത്രമല്ല, സ്വന്തമാക്കാൻ പരിശ്രമിച്ചിരുന്നു.

കലകളെ ആസ്വദിയ്ക്കുകയും വിമർശിക്കുകയും ചെയ്തിരുന്നു. ആസ്വദിയ്ക്കുന്നവനല്ലേ വിമർശിക്കുവാൻ സാധിക്കുകയുള്ളൂ. ബാംഗ്ലൂരിലെ ധർമ്മാരാം സ്റ്റേജിൽ അരങ്ങേറുന്ന ചില കലാരൂപങ്ങളെ അദ്ദേഹത്തിന്റെ മനസ്സിലിട്ട് തൂക്കിയളന്ന് വിദ്യാർത്ഥികൾക്ക് നല്കുമായിരുന്നു. ഒരിക്കലും തൂക്കം കൂട്ടുവാനോ കുറയ്ക്കുവാനോ മുതിരാതെ സത്യസന്ധമായ അവസ്ഥയിൽ തൂക്കിയളന്നു തരുമായിരുന്നു: നന്മയെ നന്മയായും, തിന്മയെ തിന്മയായും മനസ്സിലാക്കിത്തരുമായിരുന്നു. എവിടെയോ തീരാത്ത ദാഹം കെട്ടിക്കിടന്നിരുന്നു; ഈശ്വരാ സ്വാദനത്തിന്റെ തീരാത്ത ദാഹം ആയതിനാൽ ദാഹശമനത്തിനായി ജലം തേടി ഉലകത്തിൽ അലഞ്ഞിരുന്നു. അവസാനം കണ്ടെത്തിയതായിരുന്നു ബാംഗ്ലൂരിലെ ‘വിദ്യാവനം’. ദൈവത്തോടൊത്തുചേരുവാനുള്ള ഉൾദാഹത്തിന്റെ ഉറവ അവിടെ അദ്ദേഹം കണ്ടെത്തിയിരുന്നു. അനേകർക്ക് ദാഹശമനിയായി ആ ഉറവയിലെ ജലം കോരിക്കോരികൊടുക്കുവാൻ സഹായിച്ചിരുന്നു. പ്രപഞ്ചത്തിലൂടെ പ്രപഞ്ചാത്മാവിലേയ്ക്ക് ഒരു കോവണിയിലൂടെ, വി. അമ്മത്രേസ്യയുടെ ഏഴാം നിലയിലേയ്ക്കെന്നപോലെ അദ്ദേഹം കയറിക്കേറിപ്പോയിരുന്നു എന്നുമാത്രമല്ല, പുറകെ വരുന്നവരെ ഓരോ പടിയും കയറ്റുവാൻ സഹായിച്ചിരുന്നു. ഈശ്വരനുമായി ഒന്നുചേർന്ന് അദ്ദേഹത്തിന്റെ ആത്മാവിലെന്നും ദാഹമുണ്ടാക്കിയിരുന്ന അവസ്ഥയെ അതിജീവിച്ച്, ആ ദാഹജലം കിണറ്റിൻകരയിൽ വെള്ളം കോരുവാൻ വന്നിരുന്ന സമരിയാക്കാരി സ്ത്രീക്ക് യേശു കൊടുത്തതുപോലെ കോരിക്കൊടുത്തിരുന്നു. അത് കുടിച്ചവരാരും പിന്നീട് ദാഹിച്ചിട്ടില്ല, അവരെല്ലാം അവരവരുടെ നാടുകളിൽ ചെന്ന് യേശുവിനെക്കുറിച്ച് പറയുമായിരുന്നു, അതു തങ്ങൾ സ്വന്തം ജീവിതത്തിലാസ്വദിച്ച് മറ്റുള്ളവർക്ക് പകർന്നുകൊടുത്തിരുന്നു.

ഫുൾട്ടൺ ജെ. ഷീൻ പറയുന്നതുപോലെ ദൈവത്തിന്റെ നാഴിക, വിനീതച്ചൻ ദൈവത്തിന്റെ ദിനങ്ങളാക്കിമാറ്റി. ആയതിലൂടെ ദൈവവുമായി മോസസ്സ് മലമുകളിൽ കയറി ദൈവത്തോട് സംസാരിക്കുന്നതുപോലെ സംസാരിക്കുമായിരുന്നു. വി. അമ്മത്രേസ്യ മൂന്നു തരം പ്രർത്ഥനകളെക്കുറിച്ച് തന്റെ ആത്മകഥയിൽ പ്രതിപാദിക്കുന്നുണ്ട്: (1) നമ്മുടെ ആവശ്യമുള്ള കാര്യങ്ങൾ




ദൈവത്തെ അറിയിക്കുക (നാം നമ്മുടെ സുഹൃത്തിന് കത്ത് അയയ്ക്കുന്നതുപോലെ); (2) അധരങ്ങൾ ഉച്ചരിക്കാതെ, ഹൃദയം കൊണ്ടുമാത്രം ദൈവത്തോട് സംസാരിക്കുക (ദൈവത്തിൻെറ അടുത്തേയ്ക്ക് ഒരു സന്ദേശവാഹകനെ അയയ്ക്കുക); (3) നിർമ്മലവും സ്നേഹനിർഭരവുമായ വിധം ആകാംക്ഷയുടെ ചിറകുകളിൽ ദൈവത്തിങ്കലേക്ക് പറന്നുയരുക (നാം തന്നെ ദൈവത്തിൻെറ അടുക്കലേയ്ക്ക് പോകുന്നു). വിനീതച്ചൻ വിഭാവനം ചെയ്ത ബാംഗ്ലൂരിലുള്ള 'വിദ്യാവനം' ഈ മൂന്നാം തലത്തിലുള്ളതാണ്. ദൈവത്തിങ്കലേക്ക് പറന്നുയരുവാൻ സഹായിച്ചിരുന്ന ഒരു പ്രകൃതിരമണീയമായ പ്രദേശം.

വിനീതച്ചൻ 'നിർവ്വാണം' പ്രാപിച്ചുവെന്നു പറയുന്നതായിരിക്കും യുക്തം. ഈ ലോകത്തെയും പരലോകത്തെയും ഒന്നിച്ചാക്കിയ ആ മഹാത്മാവിന്, ഗുരുഭൂതന്, സന്യാസവര്യന് പ്രണാമങ്ങൾ അർപ്പിക്കുന്നു!

# Anto Thekkudan CMI, Kenya

## A Light to Lead Us in the Darkness



Father Francis Vineeth Vadakethala CMI is always remembered as an icon of contemplation and as a model of simplicity and integrity. I remember him mostly, besides the classrooms, in the Indian Liturgy Chapel of Dharmaram College, Bengaluru. I could experience his depth in spiritual life and his commitment and interest to develop an 'Indian Liturgy'. He used to say that our faith should be experienced and expressed according to the culture and attitude of the people.

His prayers and his unction during the time of 'Indian Liturgy' were so touching that it would take us to our innermost heart and facilitate the experience of the presence of God within. "Aham Bramaasmi; Aham Atma Brahaman, and Tatvamasi" were the mantras that he used to chant to bring home the essence of Upanishadic wisdom.He taught us to see the real presence of God within and in the whole Nature.

Now our guru Father Vineeth is no more with us, but he is with his Sat Guru – Jesus Christ. I appreciate and thank him for all the inspiration given to me to live in a religious community joyfully and to work for the people of God. Let his sweet memory remain in our hearts as a light to lead us in the darkness and an inspiration for thousands to come.